

# ഖുർആൻ ബോധനം **683**

**എ.വൈ.ആർ**

സൂറ-17

# അൽ ഇസ്റാഅ്

وَلَا تَقْرَبُوا مَالَ الْيَتِيمِ إِلَّا بِالَّتِي هِيَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُ ۚ وَأَوْفُوا
بِالْعَهْدِ ۖ إِنَّ الْعَهْدَ كَانَ مَسْئُولًا ﴿٣٤﴾

34. അനാഥന്റെ മുതലിനെ ഏറ്റം നല്ല രീതിയിലല്ലാതെ സമീപിക്കാതിരിക്കുവിൻ-അനാഥൻ കരുത്തു പ്രാപിക്കുന്നതുവരെ. കരാറുകൾ കണിശമായി പാലിക്കുവിൻ. കരാറുകൾ തീർച്ചയായും വിചാരണ ചെയ്യപ്പെടുന്നതാകുന്നു.

وَأَوْفُوا الْكَيْلَ إِذَا كِلْتُمْ وَزِنُوا بِالْقِسْطَاسِ الْمُسْتَقِيمِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ
تَأْوِيلًا ﴿٣٥﴾

35. അളന്നു കൊടുക്കുമ്പോൾ തികച്ച് അളക്കുവിൻ. തൂക്കിക്കൊടുക്കുമ്പോൾ കൃത്യമായ ത്രാസുകളിൽ തൂക്കുവിൻ. അതാകുന്നു ഗുണകരം. പരിണതിയാൽ വിശിഷ്ടമായതും അതുതന്നെ.

وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ ۚ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَٰئِكَ
كَانَ عَنْهُ مَسْئُولًا ﴿٣٦﴾

36. നിനക്കറിഞ്ഞുകൂടാത്തതിനെ പിൻപറ്റാതിരിക്കണം. കാതും കണ്ണും ചിന്താശേഷിയുമെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.

അനാഥന്റെ മുതലിനെ = مَالَ الْيَتِيمِ നിങ്ങൾ സമീപിക്കാതിരിക്കുവിൻ = وَلَا تَقْرَبُوا

ഏറ്റം നല്ലതായതുകൊണ്ടല്ലാതെ(നല്ലരീതിയിലല്ലാതെ) = إِلَّا بِالَّتِي هِيَ أَحْسَنُ

അവന്റെ (അനാഥന്റെ) കരുത്ത് = أَشُدَّهُ അവൻ പ്രാപിക്കുന്നതുവരെ = حَتَّىٰ يَبْلُغَ

കരാറു(കൾ) = بِالْعَهْدِ നിങ്ങൾ പൂർത്തിയാക്കുവീൻ(തികച്ച് അളക്കുവീൻ) = وَأَوْفُوا

ചോദിക്കപ്പെടുന്നതായിരിക്കുന്നു(വിചാരണ ചെയ്യപ്പെടുന്നതാകുന്നു) = كَانَ مَسْئُولًا തീർച്ചയായും കരാറു(കൾ) = إِنَّ الْعَهْدَ

നിങ്ങൾ അള(ന്നു കൊടു)ക്കുമ്പോൾ = إِذَا كِلْتُمْ നിങ്ങൾ അളവ് പൂർത്തിയാക്കുവീൻ(തികച്ച് അളക്കുവീൻ) = وَأَوْفُوا الْكَيْلَ

ശരിയായ, കൃത്യമായ = الْمُسْتَقِيمِ ത്രാസുകൊണ്ട് = بِالْقِسْطَاسِ നിങ്ങൾ തൂക്കുവിൻ = وَزِنُوا

പരിണതിയാൽ = تَأْوِيلًا വിശിഷ്ടമായതും (അതു തന്നെ) = وَأَحْسَنُ അതാകുന്നു ഗുണകരം = ذَٰلِكَ خَيْرٌ

നീ പിൻപറ്റാതിരിക്കേണം, ലക്ഷണം നോക്കി വിധിക്കരുത് = وَلَا تَقْفُ

യാതൊന്നിനെക്കുറിച്ച് നിനക്കറിവില്ലയോ അതിനെ(നിനക്കറിവില്ലാത്തതിനെ) = مَا لَيْسَ لَكَ بِهِ عِلْمٌ

ചിന്തിക്കുന്ന മനസ്സും(ചിന്താശേഷിയും) = وَالْفُؤَادَ കണ്ണും = وَالْبَصَرَ തീർച്ചയായും കാത് = إِنَّ السَّمْعَ

അവയെല്ലാം = كُلُّ أُولَٰئِكَ

അതിനെ (ഓരോന്നിനെ)ക്കുറിച്ചു(ം) ചോദിക്കപ്പെടുന്നത്(ചോദ്യം ചെയ്യപ്പെടുന്നത്) ആകുന്നു = كَانَ عَنْهُ مَسْئُولًا

**34.** അനാഥരുടെ സമ്പത്തിനോട് സ്വീകരിക്കേണ്ട സമീപനം ഖുർആൻ ബോധനം നേരത്തെ 2:83, 220, 6:152, 4:2, 6, 10, 127 സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിരിക്കുന്നു. ഈ സൂക്തത്തിലും 6:152 ലും وَلَا تَقْرَبُوا مَالَ الْيَتِيمِ എന്നാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ 32-ാം സൂക്തത്തിൽ وَلَا تَقْرَبُوا الزِّنَىٰ എന്നു പറഞ്ഞത്, അവിഹിത വേഴ്ചയിലേക്ക് നയിക്കാനിടയുള്ള കാര്യങ്ങൾ പോലും വർജിക്കണം എന്ന അർഥത്തിലാണ്. وَلَا تَقْرَبُوا مَالَ الْيَتِيمِ യുടെ താൽപര്യം അനാഥരുടെ മുതലുകൾ കൈകാര്യം ചെയ്യരുത് എന്നാണ്. അനാഥരുടെ സമ്പത്ത് രക്ഷിതാക്കൾ സംരക്ഷിക്കേണ്ടത് അനാഥർക്ക് കാര്യപ്രാപ്തിയെത്തുന്നതു حَتَّىٰ يَبْلُغَ أَشُدَّهُ വരെയാണെന്ന് രണ്ടു സൂക്തങ്ങളും പ്രസ്താവിച്ചിരിക്കുന്നു. 6:152 നു താഴെ ഈ വാക്കിന്റെ അർഥവും വിശകലനം ചെയ്തിട്ടുണ്ട്. അനാഥരെ പരീക്ഷിച്ച് അവർക്ക് സമ്പത്ത് നേരിട്ടു കൈകാര്യം ചെയ്യാനുള്ള വിവേകമായിരിക്കുന്നുവെന്ന് ബോധ്യപ്പെട്ട ശേഷമാണ് മുതലുകൾ തിരിച്ചുകൊടുക്കേണ്ടതെന്ന് 4:6 ൽ പ്രസ്താവിച്ചിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങൾക്ക് അപ്രാപ്തരായ മൂഢന്മാരെ ജീവിതാധാരമായ സമ്പത്ത് കൈകാര്യം ചെയ്യാനേൽപിക്കരുതെന്ന് 4:5 ലും പ്രസ്താവിച്ചിരിക്കുന്നു. അനാഥക്ക് മുതലുകൾ ഏൽപിച്ചു കൊടുക്കാൻ കാലഗണനയുടെ അടിസ്ഥാനത്തിൽ പ്രായപൂർത്തിയായാൽ പോരാ, അവർ സമ്പത്തു കൈകാര്യം ചെയ്യാനുള്ള വിവേകവും കാര്യപ്രാപ്തിയും ആർജിച്ചിരിക്കുക കൂടി വേണം എന്നാണിതിന്റെ താൽപര്യം. അതുവരെ രക്ഷിതാക്കൾ തന്നെയാണ് അനാഥരുടെ മുതലുകൾ കൈകാര്യം ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത്. ആ കൈകാര്യവും സംരക്ഷണവും വളരെ നല്ലരീതിയിലായിരിക്കുകയും വേണം. സമ്പത്ത് നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതോടൊപ്പം സാധ്യമായ വഴികളിലൂടെയൊക്കെ വളർത്തുക കൂടി ചെയ്യുമ്പോഴാണ് ഏറ്റം നല്ല രീതിയിലുള്ള കൈകാര്യമാവുക.

العهد-കരാറ് എന്നു പറഞ്ഞതിൽ വ്യക്തികൾ തമ്മിലും സ്ഥാപനങ്ങൾ തമ്മിലുമുള്ള ലിഖിതമായ കരാറുകളും വ്യക്തികളും സമൂഹവും തമ്മിലുള്ള അലിഖിതമായ കരാറുകളും മനുഷ്യരും അല്ലാഹുവും തമ്മിലുള്ള പ്രകൃതിപരമായ കരാറുകളും എല്ലാം ഉൾപ്പെടുന്നു. ഇവിടെ മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത് മനുഷ്യരും മനുഷ്യരും തമ്മിലുണ്ടാക്കുന്ന കരാറുകളാണ്. കരാറുകളുടെയും ഉടമ്പടികളുടെയും പാലനത്തെക്കുറിച്ച് നേരത്തെ 2:100, 177, 3:76, 152, 16:91 സൂക്തങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്: വിശദീകരണം ഖുർആൻ ബോധനം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ഖുർആൻ മറ്റു കാര്യങ്ങളെന്നപോലെ കരാർ പാലനവും ഈ സന്ദർഭത്തിൽ ആവർത്തിക്കുന്നത് അത് തൗഹീദിന്റെയും അല്ലാഹുവിനുള്ള ഇബാദത്തിന്റെയും അനിവാര്യ താൽപര്യമാകുന്നു എന്ന നിലയിലാണ്. ജീവിത വിജയം നേടുന്ന വിശ്വാസികളെ വർണിച്ചു കൊണ്ട് ഖുർആൻ പറയുന്നു: وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ (അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങളും കരാറുകളും പാലിക്കുന്നവരാകുന്നു-23:8, 80:32). കരാർ ചെയ്താൽ ലംഘിക്കുക കപടവിശ്വാസിയുടെ ലക്ഷണമാണെന്ന നബിവചനം പ്രസിദ്ധമാണല്ലോ. കരാർ പാലിക്കാത്തവരുടെ ഈമാൻ പൂർണ്ണമല്ല അല്ലെങ്കിൽ സത്യസന്ധമല്ല എന്നാണിതിന്റെ താൽപര്യം. കരാറുപാലനത്തിന്റെ ഗൗരവം ഒന്നുകൂടി ഊന്നിയുറപ്പിക്കുകയാണ് إِنَّ الْعَهْدَ كَانَ مَسْئُولًا എന്ന വാക്യം. അതായത് കരാറുകളെ അതിലേർപ്പെട്ട കക്ഷികൾ എത്രത്തോളം ജാഗ്രതയോടും ആത്മാർഥതയോടും കൂടി സമീപിച്ചു എന്ന് അന്ത്യനാളിലെ വിചാരണയിൽ പരിശോധിക്കപ്പെടും. അന്ത്യനാളിൽ ഏതു കാര്യവും പരിശോധിക്കപ്പെടുന്നത് ആ പരിശോധനയുടെ ഫലത്തെ ആധാരമാക്കി രക്ഷാശിക്ഷകൾ വിധിക്കാനാണ്.

**35.** بِالْقِسْطَاسِ الْمُسْتَقِيمِ നെയാണ് കൃത്യമായ ത്രാസ് എന്ന് തർജ്ജമ ചെയ്തിട്ടുള്ളത്. അറബീകരിക്കപ്പെട്ട റോമൻ വാക്കാണ് قسطاس എന്ന് ഭാഷാഭിജ്ഞർ അഭിപ്രായപ്പെടുന്നു. قسط നീതിയും طاس ത്രാസിന്റെ തട്ടുമാണ്. قسطاس ന്റെ ചുരുക്കമാണ് قسط എന്നും അഭിപ്രായമുണ്ട്. നീതി എന്ന അർഥത്തിലും ശരിയായ ത്രാസ് എന്ന അർഥത്തിലും അതുപയോഗിക്കും. 6:152ലും 11:85ലും وَأَوْفُوا الْكَيْلَ وَالْمِيزَانَ بِالْقِسْطِ എന്നു വന്നിട്ടുണ്ട്. രണ്ടിടത്തും മുകളിൽ പറഞ്ഞ രണ്ടർഥങ്ങളും സാധുവാകുന്നു. قسطاس നു തന്നെ ശരിയായ ത്രാസ് എന്നർഥമുണ്ടെങ്കിൽ مستقيم എന്ന വിശേഷണം ക്രിയയെ വീണ്ടും ഊന്നിപ്പറയുകയാണ്. അളവു തൂക്കങ്ങളിൽ സത്യസന്ധത പാലിക്കുന്നതിനെക്കുറിച്ച് നേരത്തെ 6:152, 7:85, 11:84, 85 സൂക്തങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. വിശദീകരണം ഖുർആൻ ബോധനം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. നേരത്തെ സൂചിപ്പിച്ചപോലെ തൗഹീദിന്റെ താൽപര്യവും ഇബാദത്തുല്ലാഹിയുടെ ഭാഗവുമായിട്ടാണ് ഈ സന്ദർഭത്തിൽ അതും ആവർത്തിച്ചിരിക്കുന്നത്.

ذَٰلِكَ خَيْرٌ എന്ന വാക്യത്തിന് പല അർഥതലങ്ങളുമുണ്ട്. അളവു തൂക്കങ്ങളിൽ കൃത്യത പാലിക്കുന്നതാണ് ഉത്തമചര്യ അഥവാ സുജനധർമം എന്നാണൊന്ന്. അളവു തൂക്കങ്ങളിൽ വെട്ടിപ്പു നടത്തുന്നതിനെക്കാൾ ഗുണകരമായ നടപടി എന്നുമാവാം. നിങ്ങൾക്ക് ക്ഷേമവും സമൃദ്ധിയുമുണ്ടാവാൻ നല്ലത് അളവു തൂക്കങ്ങളിൽ സത്യസന്ധത പാലിക്കുന്നതാണ് എന്നാണ് മറ്റൊരർഥം. ഈ കൽപന പാലിക്കുന്നതാണ് പരലോകത്ത് ഗുണകരമാവുക എന്ന അർഥവുമാകാം. ഈ അർഥങ്ങളെല്ലാം പരസ്പര ബന്ധിതമായതിനാൽ എല്ലാം ഉദ്ദേശ്യമാണെന്നും മനസ്സിലാക്കാവുന്നതാണ്.

أول (മടങ്ങി) എന്ന ക്രിയയിൽ നിന്നുള്ളതാണ് تَأْوِيلًا. വ്യാഖ്യാനം, പരിണതി എന്ന അർഥങ്ങളിലാണ് സാധാരണ ഉപയോഗം. ചിന്തയെ അടിസ്ഥാന വസ്തുതകളിലേക്ക് വ്യാപരിപ്പിച്ച് അനന്തര ഫലങ്ങളിലെത്തിച്ചേരുക എന്ന ആശയത്തെ ആസ്പദമാക്കിയാണ് വ്യാഖ്യാനത്തിനും പരിണതിക്കും تَأْوِيلًا എന്നുപയോഗിക്കുന്നത്. പരിണതിയാണ് ഇവിടെ ഉദ്ദേശ്യം. അളവു തൂക്കങ്ങളിൽ സത്യസന്ധത പാലിക്കുന്നത് ഏറ്റം നല്ല പരിണതി ഉളവാക്കുന്നു എന്നുപറയുന്നതിന്റെ താൽപര്യം, വ്യക്തിക്കും സമൂഹത്തിനും ദീർഘകാലാടിസ്ഥാനത്തിൽ ക്ഷേമവും സമൃദ്ധിയുമുണ്ടാകുന്ന നടപടി അളവുതൂക്കങ്ങളിൽ സത്യസന്ധത പാലിച്ചുകൊണ്ട് ഇടപാടുകൾ നടത്തുന്നതാണ് എന്നാകുന്നു. പരിമാണങ്ങളിൽ കൃത്രിമം നടത്തുന്നതിന്റെ ഗുണദോഷങ്ങളെക്കുറിച്ചാലോചിച്ചു നോക്കിയാൽ, കൃത്രിമക്കാർക്ക് ക്ഷണികമായ നേട്ടങ്ങളുണ്ടാവാമെങ്കിലും ഭാവിയിൽ അവർക്കും മറ്റുള്ളവർക്കും ഗുരുതരമായ ദോഷമാണുണ്ടാക്കുകയെന്നു കാണാം. വെട്ടിപ്പുകാരനെ വെട്ടിക്കാൻ മറ്റുള്ളവർ-അയാളുടെ വെട്ടിപ്പിനിരയാകുന്നവർ വിശേഷിച്ചും തയാറാകുന്നു. ആർക്കും ആരെയും വിശ്വാസമില്ലാത്ത, എല്ലാവരും പരസ്പരം വഞ്ചിക്കാൻ ശ്രമിക്കുന്ന ഒരു സ്ഥിതിവിശേഷമാ

ണതു മൂലം ഉളവാകുക. കച്ചവടക്കാരന്റെ നല്ല ധനത്തിൽ ആളുകളെ വഞ്ചിച്ചു നേടിയ ധനം കൂടി ചേരുമ്പോൾ മുഴുവൻ ധനവും മലീമസമാകുന്നു. അയാൾ നിന്ദ്യനും നികൃഷ്ടനുമായി കണക്കാക്കപ്പെടുന്നു. പിന്നെ അയാളുടെ നാശവും നഷ്ടവും കാണാനായിരിക്കും എല്ലാവരും കൊതിക്കുക. നേരെമറിച്ച് സത്യസന്ധമായി ഇടപാടു നടത്തുന്നവരോട് ആളുകൾക്ക് സ്നേഹവുമുണ്ടാകും. അയാളുടെ വ്യാപാരം വർധിക്കും. അല്ലാഹുവിന്റെ അനുഗ്രഹവും അയാൾക്കുണ്ടാകും. സർവോപരി സത്യസന്ധത അയാളുടെ പരലോക സൗഭാഗ്യത്തിനും കാരണമാകുന്നു.

**36.** القفا എന്ന നാമപദത്തിൽ നിന്നുത്ഭവിച്ച ക്രിയയായിട്ടാണ് മൂലത്തിലെ تقف വിനെ വ്യാഖ്യാതാക്കൾ പൊതുവിൽ വിലയിരുത്തിയിട്ടുള്ളത്. കഴുത്തിന്റെ പിൻവശം അഥവാ പിരടിയാണ് قفا. അതിൽനിന്ന് പിൻപറ്റുക എന്ന അർഥത്തിലുള്ള ക്രിയയുണ്ടായി. അതിന്റെ വർത്തമാന രൂപമാണ് تقف. ഈ പദം قيافة ൽ നിന്നുള്ള ക്രിയയാണെന്നഭിപ്രായപ്പെടുന്നവരുമുണ്ട്. ലക്ഷണം നോക്കി കാര്യങ്ങൾ ഊഹിച്ചു വിധിക്കുകയാണ് قيافة. ഇത് ഒരു തരം ശാസ്ത്രമാണ്. ഒരാളുടെ കാൽപാടുകൾ, മുഖം, അവയവ ഘടന എന്നിവ നോക്കി അയാൾ ഏതു ഗോത്രക്കാരനാണെന്നും പ്രകൃതക്കാരനാണെന്നുമൊക്കെ പറയാൻ കഴിയുന്ന ലക്ഷണ നിപുണന്മാർ പഴയ കാലത്ത് അറേബ്യയിൽ ധാരാളമുണ്ടായിരുന്നു. ഇന്ന് നടപ്പുള്ള മുഖലക്ഷണം പറയലും കൈനോട്ടവും ഇതിന്റെ വകഭേദമാണ്. ഒരാളുടെ മുഖം കണ്ടാൽ അയാളുടെ വ്യക്തിത്വത്തെക്കുറിച്ച് കുറച്ചൊക്കെ മനസ്സിലാക്കാൻ ചിലർക്ക് കഴിയും. അതിൽ അമാനുഷികമായി ഒന്നുമില്ല. നബി(സ) ഈ ശാസ്ത്രത്തെ ഒരളവോളം അംഗീകരിച്ചിട്ടുണ്ട്. ഇവിടെ വിലക്കുന്നത് ശരിയായ വിവരമില്ലാതെ ലക്ഷണ ജ്ഞാനത്തിന്റെ പേരിൽ കാര്യങ്ങൾ വിധിക്കുന്നതും ഭാവി ഫലം പ്രവചിക്കുന്നതുമൊക്കെയാണ്. ഒരാളുടെ മുഖമോ കൈയോ കാലോ നോക്കി അയാളുടെ വംശ ബന്ധവും സ്വഭാവപ്രകൃതിയും മനസ്സിലാക്കാൻ ഒരു നല്ല ലക്ഷണജ്ഞനു കഴിഞ്ഞേക്കാം. പക്ഷേ, ഒരാളുടെ ഭാവിഭാഗധേയം പ്രവചിക്കാൻ ആർക്കും കഴിയില്ല. അത് അജ്ഞേയമായ കാര്യമാണ്. അത്തരം അറിയാത്തതും അറിയാനാവാത്തതുമായ കാര്യങ്ങളാണ് ഇക്കാലത്ത് മുഖലക്ഷണക്കാരും കൈനോട്ടക്കാരും പ്രവചിക്കുന്നത്. ഭാവി ഫലമറിയാനാണ് ആളുകൾ അവരെ സമീപിക്കുന്നതും. ഇങ്ങനെ അടിസ്ഥാനരഹിതമായ പ്രവചനങ്ങൾ നടത്തുന്നതും അത്തരം പ്രവചനങ്ങളെ പിന്തുടരുന്നതും വിലക്കിയിരിക്കുകയാണ് ഈ സൂക്തം.

القفا യിൽ നിന്നുത്ഭവിച്ച ക്രിയയാണ് تقف എന്ന ഭൂരിപക്ഷ വീക്ഷണ പ്രകാരം വേണ്ടവണ്ണം മനസ്സിലാക്കാതെ ഏതു കാര്യത്തെയും പിൻപറ്റുന്നത് വിലക്കിയിരിക്കുകയാണിവിടെ. അറിയാത്ത കാര്യങ്ങളുടെ വാഹകരും പ്രചാരകരുമാകുന്നത് ആദർശ വിശ്വാസങ്ങളിലാകാം, ദൈനംദിന വ്യവഹാരങ്ങളിലാകാം, പരസ്പര ബന്ധങ്ങളിലാവാം, ഏതിലായാലും ഗുരുതരമായ കുറ്റമാണ്. വിദൂരമായ സാധ്യതകളെ മുൻനിറുത്തി ആളുകളിൽ അനാശാസ്യവും ചാരിത്ര്യലംഘനവും ആരോപിക്കുക, വിദൂര സാദൃശ്യങ്ങൾ പരിഗണിച്ച് ഒരാളുടെ പിതൃത്വം അയാളുടെ അംഗീകൃത പിതാവല്ലാത്ത മറ്റൊരാളിൽ ആരോപിക്കുക തുടങ്ങിയ ചെയ്തികൾ ഉദാഹരണങ്ങളായി പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. തർക്ക വിഷയങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാതെ അതിലൊരു കക്ഷിയുടെ ഭാഗം ചേരുന്നതും കള്ളസാക്ഷി പറയുന്നതും മറ്റ് ഉദാഹരണങ്ങളാണ്. വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും പ്രവാചകചര്യയുടെയോ വേദപ്രമാണങ്ങളുടെയോ യുക്തിയുടെയോ പിൻബലമുണ്ടായിരിക്കണം. അതൊന്നുമില്ലാത്ത വിശ്വാസം അന്ധവിശ്വാസവും ആചാരം അനാചാരവുമാണ്. ആളുകൾ പാരമ്പര്യത്തിന്റെ പേരിലും ആരുടെയൊക്കെയോ ഉപദേശത്തിന്റെ പേരിലും കൊണ്ടുനടക്കുന്ന അടിസ്ഥാനരഹിതമായ വിശ്വാസങ്ങളും ആചാരങ്ങളും ഈ സൂക്തം വിലക്കുന്ന കുറ്റകരമായ കാര്യങ്ങളാണ്.

إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا

എന്ന വാക്യം ഒരേ സമയം അതിപ്രധാനമായ ഉദ്ബോധനവും ഗൗരവമാർന്ന താക്കീതുമാകുന്നു. ഉദ്ബോധനം ഇതാണ്: മനുഷ്യന് അല്ലാഹു കേൾവിയും കാഴ്ചയും ചിന്താശേഷിയുള്ള മനസ്സും പ്രദാനം ചെയ്തിട്ടുള്ളത് അവൻ ആരെങ്കിലും പറയുന്നതൊക്കെ അപ്പടി വിശ്വസിക്കാനും പിന്തുടരാനുമല്ല; പ്രത്യുത സത്യാസത്യ വിവേചന താൽപര്യത്തോടെ കണ്ടും കേട്ടും മനസ്സിരുത്തി ആലോചിച്ചും യാഥാർഥ്യങ്ങൾ മനസ്സിലാക്കി ശരിയായതു സ്വീകരിക്കാനും തെറ്റായതു തള്ളിക്കളയാനുമാണ്. ജ്ഞാനേന്ദ്രിയങ്ങളുടെയും ബുദ്ധിയുടെയും ശരിയായ ഉപയോഗത്തിലൂടെയാണ് മനുഷ്യൻ വളരുന്നതും അവന് ഇഹപര സൗഭാഗ്യങ്ങൾ കൈവരുന്നതും. ജ്ഞാനേന്ദ്രിയങ്ങൾ ഉപയോഗിക്കുന്നത് ബുദ്ധിപൂർവമായിരിക്കണം. കണ്ണും കാതും തിര്യക്കുകൾക്കുമുണ്ട്. അവയെപ്പോലെ ഇന്ദ്രിയങ്ങളെ കേവലം ജന്തുസഹജമായ വാസനയനുസരിച്ചു മാത്രം ഉപയോഗിക്കുന്നവരുടെ ജീവിതം കാലികളുടെ ജീവിതത്തിനു സമാനമാകുന്നു. കാഴ്ചയും കേൾവിയും ജന്തുക്കൾ ഉപയോഗിക്കുന്നതുപോലെ മാത്രം ഉപയോഗിക്കുന്നതിൽ അല്ലാഹുവിന്റെ അനുഗ്രഹം പാഴാക്കലും അനുഗ്രഹദാതാവായ അല്ലാഹുവിനോടുള്ള നന്ദികേടുമുണ്ട്.

താക്കീത് ഇതാണ്; ജ്ഞാനേന്ദ്രിയങ്ങൾ വേണമെങ്കിൽ പാഴാക്കിക്കൊള്ളട്ടെ, അല്ലെങ്കിൽ തെറ്റായോ ശരിയായോ എങ്ങനെ വേണമെങ്കിലും ഉപയോഗിച്ചു കൊള്ളട്ടെ എന്നുവെച്ചല്ല അല്ലാഹു ഈ അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നത്; ശരിയായി ഉപയോഗിച്ച് സത്യവും അസത്യവും, ധർമവും അധർമവും വേർതിരിച്ചറിയുന്നതിനും സത്യവും ധർമവും അനുഷ്ഠിക്കുന്നതിനുമാണ്. ഓരോ ഇന്ദ്രിയവും അതിന്റെ ധർമം നിർവഹിച്ചുവോ എന്ന് അന്ത്യനാളിൽ വിചാരണ ചെയ്യപ്പെടുന്നതാണ്. കാത് എന്തുകേട്ടു, എന്തിനു കേട്ടു, എങ്ങനെ കേട്ടു. കണ്ണ് എന്തു കണ്ടു, എന്തിനു കണ്ടു, എങ്ങനെ കണ്ടു എന്നും കാഴ്ചയും കേൾവിയും വഴി അതിന്റെ ഉടമ നേടിയ പ്രയോജനമെന്ത് എന്നും അന്ത്യനാളിൽ അല്ലാഹുവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. ഓർത്തിരിക്കുക അല്ലാഹു ഇതെല്ലാം ചോദിക്കുന്നത് വെറുതെ വിവരമറിയാനല്ല; ജ്ഞാനേന്ദ്രിയങ്ങൾ ഉപയോഗിക്കാതിരുന്നവരെയും ദുരുപയോഗം ചെയ്തവരെയും ശിക്ഷിക്കാനും ശരിയായി ഉപയോഗിച്ച് സത്യവും ധർമവും കണ്ടെത്തി അനുഷ്ഠിച്ചവരെ അനുഗ്രഹിക്കാനുമാണ്. അല്ലാഹുവിന്റെ മുമ്പിൽ ഇന്ദ്രിയങ്ങളുടെ പ്രവർത്തനം എന്തെങ്കിലുമൊക്കെ പറഞ്ഞ് ന്യായീകരിച്ചു കളയാമെന്ന് ആരും വ്യാമോഹിക്കേണ്ട. അന്ന് ഓരോ അവയവത്തോടുമാണ് അല്ലാഹു അതിന്റെ പ്രവർത്തനത്തെക്കുറിച്ചു

ചോദിക്കുക:

يَوْمَ تَشْهَدُ عَلَيْهِمْ أَلْسِنَتُهُمْ وَأَيْدِيهِمْ وَأَرْجُلُهُم بِمَا كَانُوا۟ يَعْمَلُونَ (അന്ന് അവരുടെ നാവുകളും കരങ്ങളും കാലുകളും അവർ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച് അവർക്കെതിരെ സാക്ഷി പറയുന്നു-അന്നൂർ:24).

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَـٰرُهُمْ وَجُلُودُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٠﴾ وَقَالُوا۟ لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا۟ أَنطَقَنَا ٱللَّهُ ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

(അങ്ങനെ എല്ലാവരും വിചാരണാസഭയിൽ എത്തിച്ചേർന്നാൽ സ്വന്തം കാതുകളും കണ്ണുകളും ചർമങ്ങളും അവർക്കെതിരെ അവർ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ചു സാക്ഷി പറയുന്നു. സ്വചർമങ്ങളോടവർ ചോദിക്കുന്നു: നിങ്ങൾ നമുക്കെതിരെ മൊഴി നൽകിയതെന്തിന്? അവർ പറയും സകല വസ്തുക്കൾക്കും സംസാരശേഷിയരുളിയ അല്ലാഹു ഞങ്ങൾക്കും സംസാരശേഷിയരുളി-ഫുസ്സിലത്ത്:20-21).

പൂർവികർ പാരമ്പര്യമായി അനുവർത്തിച്ചുവന്നതാകുന്നു എന്നത് ഏതെങ്കിലും വിശ്വാസമോ ആചാരമോ സത്യവും ധർമവുമാണെന്നതിന് തെളിവാകുന്നില്ല. പ്രവാചകന്റെ കാലത്ത് തൗഹീദിനെ നിഷേധിക്കാൻ വിഗ്രഹാരാധകർ ശക്തമായി ഉന്നയിച്ചിരുന്ന ന്യായം അത് പൂർവികർ ആചരിച്ചുവന്നതാകുന്നു- مَا وَجَدْنَا عَلَيْهِ ءَابَآءَنَا -എന്നതായിരുന്നു. ഖുർആൻ ഒരിക്കലും അത് അംഗീകരിച്ചിട്ടില്ല. പൂർവികർ സത്യജ്ഞാനികളും സന്മാർഗസ്ഥരുമായിരുന്നുവെന്ന് തെളിവുകളുടെയും ന്യായത്തിന്റെയും ദൈവിക പ്രമാണങ്ങളുടെയും വെളിച്ചത്തിൽ സ്ഥിരപ്പെട്ടാൽ മാത്രമേ അവരുടെ പൈതൃകത്തെ സത്യവും ധർമവുമായി അംഗീകരിക്കാവൂ. ഈയടിസ്ഥാനത്തിൽ പൂർവപ്രവാചകന്മാരുടെ ചര്യകളെ ഖുർആൻ വരേണ്യ മാതൃകകളായി ഉദ്ധരിച്ചിട്ടുമുണ്ട്.

നേരിട്ടു പഠിച്ചറിയാൻ സാധിക്കാത്ത സംഗതികളിൽ ആളുകൾക്ക് ആ സംഗതികൾ പഠിച്ചറിഞ്ഞ വിദ്വാന്മാരെ അനുകരിക്കേണ്ടിവരും. അറിവില്ലായ്മ അനുകരണത്തിന് (تقليد) ന്യായം തന്നെ. പക്ഷെ അനുകരണം അറിവില്ലായ്മക്ക് ന്യായമാകുന്നില്ല. നിർബന്ധമായി അറിയേണ്ട കാര്യങ്ങൾ അറിയാൻ മാർഗങ്ങളവശേഷിക്കുന്നിടത്തോളം കാലം അതറിയാതിരിക്കൽ അക്ഷന്തവ്യമായ അപരാധമാകുന്നു. അന്ധമായ അനുകരണം ആ അപരാധത്തെത്തുടർന്നുളവാകുന്ന ഒരു നിർബന്ധിത നടപടിയാണ്. അതുവഴി അജ്ഞതയെന്ന കുറ്റം കുറ്റമല്ലാതാകുന്നില്ല. ഈ സൂക്തങ്ങളുടെ സംബോധിതർ പ്രവാചകനും മുസ്‌ലിം സമുദായവുമാണ്. ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയുമുപയോഗിച്ച് ശരിയാംവണ്ണം ഗ്രഹിക്കാതെ അനുകരിക്കരുതെന്ന് അവരോടാണ് അല്ലാഹു കൽപിക്കുന്നത്. എന്നിട്ടും ഖുർആനിന്റെ ഈ ഉദ്ബോധനവും താക്കീതും തീരെ അവഗണിച്ചുകൊണ്ട് ദീനീവിഷയങ്ങളിൽ-അഖീദയിലും ഇബാദാത്തിലും മുആമലാത്തിലുമെല്ലാം-പൂർവികരെ അനുകരിക്കൽ നിർബന്ധമാണെന്നും പ്രമാണങ്ങൾ നേരിട്ടു പഠിച്ചും ബുദ്ധിപൂർവം ചിന്തിച്ചും കാര്യങ്ങൾ ഗ്രഹിക്കുന്നതും അനുവർത്തിക്കുന്നതും മാർഗഭ്രംശമാണെന്നും വാദിക്കുകയാണ് ചിലർ. ഈ നിലപാട് മുസ്‌ലിം സമുദായം വൈജ്ഞാനിക രംഗത്ത് പൊതുവിലും കർമശാസ്ത്രത്തിൽ വിശേഷിച്ചും പിന്തള്ളപ്പെടുന്നതിന് എത്രത്തോളം കാരണമാകുന്നുവെന്നതിന് കാലം സാക്ഷിയാണ്. ■